**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 10** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>അടിയന്തരാവശ്യങ്ങൾക്കുള്ള മരുന്നുകളുടെ ലഭ്യത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. എൻ. ബാലഗോപാൽ

ശ്രീ. ടി. എം. ശശി

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവൻരക്ഷാ മരുന്നുകളുടെ ക്ഷാമം നേരിടുന്നതിനാൽ രോഗികൾ കടുത്ത ദുരിതത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ കെ.എം.എസ്.സി.എൽ മുഖേനയും ലോക്കൽ പർച്ചേസ് മുഖേനയും ജീവൻരക്ഷാ മരുന്നുകൾ യഥാസമയം രോഗികൾക്ക് തടസ്സമില്ലാതെ നൽകി വരുന്നു.

അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്ന പക്ഷം കൂടുതൽ സ്റ്റോക്ക് ഉള്ള ആശുപത്രികളിൽ നിന്നും ഇന്റർ ഇൻസ്റ്റിറ്റ്യൂഷണൽ ട്രാൻസ്ഫർ മുഖേന അവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്.

**(ബി)** പാരസെറ്റാമോൾ ഇൻജെക്ഷൻ, പേവിഷ പ്രതിരോധ വാക്സിൻ, ഡ്രിപ്പിനുള്ള ഐ.വി ഫ്ലൂയിഡ്, സലൈൻ, ആന്റിബയോട്ടിക്കുകൾ എന്നിവയ്ക്ക് പുറമെ ഹൃദയാഘാതം, പക്ഷാഘാതം, കടുത്ത അലർജി തുടങ്ങിയ അടിയന്തര ഘട്ടങ്ങളിൽ നൽകേണ്ട ജീവൻരക്ഷാ കുത്തിവയ്പുകൾ പോലും സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലെന്ന് പറയപ്പെടുന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ കെ.എം.എസ്.സി.എൽ മുഖേനയും ലോക്കൽ പർച്ചേസ് മുഖേനയും ജീവൻരക്ഷാ മരുന്നുകൾ യഥാസമയം രോഗികൾക്ക് തടസ്സമില്ലാതെ നൽകി വരുന്നു.

അവശ്യമരുന്നുകളുടെ ലഭ്യതക്കുറവ് സർക്കാർ ആശുപത്രികളിൽ ഉണ്ടാകുന്ന പക്ഷം കൂടുതൽ സ്റ്റോക്ക് ഉള്ള ആശുപത്രികളിൽ നിന്നും ഇന്റർ ഇൻസ്റ്റിറ്റ്യൂഷണൽ ട്രാൻസ്ഫർ മുഖേന അവയുടെ ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്.

**(സി)** അടിയന്തര ആവശ്യങ്ങൾക്കുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് വഴി ലഭ്യമാക്കാൻ നിർദ്ദേശമുണ്ടെങ്കിലും ആശുപത്രി അധികൃതർ അതിന് തയ്യാറാകാതെ നിർദ്ധനരായ

രോഗികളെക്കൊണ്ട് പുറത്തുനിന്ന് മരുന്നുകൾ വാങ്ങിപ്പിക്കുകയാണെന്ന ആക്ഷേപം വസ്തുതാപരമാണോ;

**<u>മറുപടി:</u>** ആരോഗ്യ വകുപ്പിന് കീഴിൽ വരുന്ന ആശുപത്രികളിൽ ആവശ്യമുള്ള മരുന്നുകൾ കെ.എം.എസ്.സി.എൽ മുഖേന വിതരണം ചെയ്ത് വരുന്നുണ്ട്. ജീവൻരക്ഷാ മരുന്നുകളുടെ ദൗർലഭ്യം ഉണ്ടാകാതിരിക്കുന്നതിലേക്കായി ജില്ലാതലത്തിൽ മരുന്നുകൾ അധികം സംഭരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ കുറവുള്ള സ്ഥാപനങ്ങളിലേക്കു വിതരണം ചെയ്തും, തദ്ദേശീയമായി വാങ്ങി സംഭരിച്ചും എല്ലാ സ്ഥാപനങ്ങളിലും രോഗികൾക്കു മരുന്നുകൾ സൗജന്യമായി ലഭ്യമാക്കിവരുന്നു.

**(ഡി)** എല്ലാ സർക്കാർ ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകളടക്കമുള്ളവയുടെ ലഭ്യത അടിയന്തരമായി ഉറപ്പാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ആരോഗ്യ വകുപ്പിൽ നിന്നും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭ്യമായ വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ മുഖേന മരുന്നുകൾ വിതരണം ചെയ്ത് വരുന്നു.

എല്ലാ സർക്കാർ ആശുപത്രികളിലും ജീവൻരക്ഷാ മരുന്നുകളടക്കമുള്ളവയുടെ ലഭ്യത അടിയന്തിരമായി ഉറപ്പാക്കുന്നതിലേക്കായി ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, SMD (NHM), ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ജനറൽ മാനേജർ, KMSCL, ജില്ലാ മെഡിക്കൽ ഓഫീസർമാർ എന്നിവരുടെ യോഗം രണ്ട് പ്രാവശ്യം ചേർന്ന് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം, ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ ജനറൽ മാനേജർ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, മെഡിക്കൽ കോളേജ് സൂപ്രണ്ട്മാർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങൾ ചേർന്ന് സ്ഥിതിഗതികൾ വിശദമായി വിലയിരുത്തുകയും, ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും എല്ലാ സ്ഥാപന മേധാവികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും അവശ്യമരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ഓരോ സ്ഥാപനങ്ങളും അവർക്ക് ലഭ്യമായ ഫണ്ടുകൾ ആയ HMC, LSGD project fund, KASP, JSSK എന്നിവ ഉപയോഗപ്പെടുത്തി സ്റ്റോർ പർച്ചേസ് റൂൾ പാലിച്ച് അടിയന്തിരമായി പ്രാദേശികമായി വാങ്ങി (Local Purchase) മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്ഥാപന മേധാവികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ആവശ്യമരുന്നുകളുടെ വിതരണത്തിൽ കുറവ് ഉണ്ടാകുന്ന പക്ഷം കൂടുതൽ സ്റ്റോക്ക് ഉള്ള ആശുപത്രികളിൽ നിന്നും ഇന്റർ ഇൻസ്റ്റിറ്റ്യൂഷണൽ ട്രാൻസ്ഫർ മുഖേനയും മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ**